● പഠനം

● ഹഫീളുർറഹ്മാൻ അഅ്ളമി



ഖുർആനിക സംവാദശൈലിയുടെ ശാസ്ത്രീയ അമാനുഷികത -3

# സംവാദവും പരഭയവും

**അന്യർ താങ്കളെ നിരാകരിക്കുമെന്ന് അറിയുന്ന മുറയ്ക്ക് താങ്കൾ ബലക്ഷയനാവും. താങ്കളുടെ വീടിന്റെ അടിത്തറ ഭദ്രമല്ലെന്നും, താങ്കളുടെ കടലാസുകൾ പറന്നുപോകുമെന്നും മനസ്സിലാക്കുന്നതോടെ വീടിനകത്തേക്ക് വായു അടിച്ചുകയറാതിരിക്കാനും, വീടിന്റെ അടിത്തറയും കടലാസുകളും നശിക്കാതിരിക്കാനുമായി താങ്കൾ ജനലുകൾ അടച്ചുകളയുന്നു. സുരക്ഷിതത്വം ഉറപ്പാക്കാനുള്ള ഈ യത്നത്തിൽ പക്ഷെ, ഓക്സിജൻ കടന്നുവരാനുള്ള വഴികൂടിയാണ് അടച്ചുകളയുന്നതെന്ന് താങ്കൾ മറന്നുപോകുന്നു. തദ്ഫലമായി താങ്കൾ മരിച്ചുപോകുന്നു. മൃതവും തണുത്തതുമായ നിർഭയത്വവും സ്ഥിരതയുമാണ് ഫലത്തിൽ താങ്കൾക്ക് ലഭിക്കുക. മറ്റുള്ളവരുടെ നേരെ വാതിലടച്ചു കഴിയുന്ന വ്യക്തിക്കും സമൂഹത്തിനും ഇത് തന്നെയാണ് സംഭവിക്കുക.**

തുറന്ന സംവാദത്തിന് പലപ്പോഴും വിഘ്നമാവുന്നത് പരഭയമാണ്. പ്രതിയോഗിതന്നെ കീഴ്പ്പെടുത്തിക്കളയുമോ, അയാളെ എങ്ങനെ നേരിടും തുടങ്ങിയ ആശങ്കകളാണ് പരഭയത്തിന് കാരണമാകുന്നത്. പരഭയവും അതിന്റെ പേരിലുള്ള നിരാകരണവും രോഗാവസ്ഥയാണ്. ഇതെങ്ങനെയാണ് മറികടക്കുക? ഈയൊരു സാഹചര്യത്തിൽ നാമെങ്ങനെയാണ് എത്തിപ്പെടുക? ഇതേക്കുറിച്ചൽപം.

പരഭയവും തജ്ജന്യമായ നിരാകരണവും രോഗാവസ്ഥയാണ്. എങ്കിൽ സിയോണിസത്തെയും സാമ്രാജ്യത്വത്തെയും എന്തിന് ഭയക്കുന്നു എന്ന ചോദ്യമുയരും. അതും ധൈഷണികമേഖലയിലെ സംവാദവും തമ്മിൽ വ്യത്യാസമുണ്ട്. നാഗരിക ദൗത്യമുള്ളവരാണ് മുസ്‌ലിംകൾ. അതുകൊണ്ടുതന്നെ, കൂടിയോ, കുറഞ്ഞോ, ദുർബലമായോ, ശക്തമായോ തങ്ങളെയും തങ്ങളുടെ സ്വത്വത്തെയും പ്രതിരോധിക്കാൻ അവർ ജാഗരൂകരാണ്. സിയോണിസത്തെയോ സാമ്രാജ്യത്വത്തെയോ നാം എതിർക്കുന്നത് ഒരു രാഷ്ട്രീയ പദ്ധതിയെ നിരാകരിക്കുന്നതിന്റെ ഭാഗമായാണ്. ഇത് പ്രകൃതിപരവും സ്വാഭാവികവും ആരോഗ്യകരവുമായ പ്രതിരോധ പ്രവണതയാണ്. ഈ നിരാകരണത്തിന്റെ പ്രകടനങ്ങൾ വ്യത്യസ്ത രീതികളിലായിരിക്കാം. ചിലപ്പോൾ അത് കുറ്റമറ്റതായിരിക്കില്ല. ദുർബലമാവാം. തിരിച്ചടികളുണ്ടാവാം. ശരീരത്തിന്റെ പ്രതിരോധ ശേഷിയും സംവിധാനവുമായി ബന്ധപ്പെട്ട

**ഖുർആൻ അറബി ഭാഷയിലാണവതീർണമായിരിക്കുന്നതെന്ന് ആറ് സ്ഥലങ്ങളിൽ അത് അവകാശപ്പെട്ടിട്ടുണ്ട്. എങ്കിലും തൊണ്ണൂറ്റി എട്ടായിരത്തോളം അറബി പദങ്ങൾ മാത്രമെ അത് ഉപയോഗിച്ചിട്ടുള്ളൂ. മറ്റു ഭാഷാപദങ്ങൾ ഉപയോഗിക്കാൻ നിർബന്ധിതമാകുമാറ് അറബി ഭാഷയിൽ പദങ്ങൾക്ക് പഞ്ഞമില്ല. മറ്റൊരു ഭാഷയെ ആശ്രയിക്കേണ്ട സാഹചര്യവും ഖുർആനിനില്ല. എന്നിട്ടും ഒമ്പത് ഭാഷകളിൽ നിന്നായി ഇരുനൂറോളം പദങ്ങൾ ഖുർആൻ ആശ്രയിച്ചതെന്തുകൊണ്ട്? (ഇതേക്കുറിച്ച് ഗവേഷകർക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ഈ പഠനത്തിന്റെ കേന്ദ്രാശയത്തെ അത് ബാധിക്കില്ല). ഖുർആന്റെ ഈ ശൈലിയിൽ നാം കാണുന്നത് അപരന്മാർക്ക് നേരെയുള്ള അതിന്റെ തുറന്ന നയമാണെന്ന് മനസ്സിലാക്കാൻ കഴിയും. അതായത്, താങ്കൾ ഒരു അറബിയാണെങ്കിൽ താങ്കളുടെ സ്വത്വവും വ്യക്തിത്വവും പൂർണമാകുന്നത് മറ്റുള്ളവർക്ക് മുമ്പാകെ താങ്കൾ താങ്കളെ തുറന്നുവെക്കുമ്പോഴാണ്.**

ആരോഗ്യപരമായ പ്രവണതയാണ് നിരാകരണത്തിന് നിമിത്തമാവുന്നത്. എന്നാൽ അപരരെ രാഷ്ട്രീയമായ കാരണങ്ങളാലല്ലാതെ, ചിന്താതലത്തിൽ നിരാകരിക്കുന്നത് രോഗാതുരമായ നിരാകരണമാണെന്ന് പറയാതെ വയ്യ.

എന്നാൽ, അപരരെ നിരാകരിക്കുന്ന രീതിയിലേക്ക് നാം എങ്ങനെ എത്തി എന്നത് പഠനവും വിശകലനവും അർഹിക്കുന്ന വിഷയമാണ്. ഇസ്‌ലാമിക സാമൂഹികതയുടെയും മുസ്‌ലിം ധിഷണയുടെയും ചിന്തകളെ കൈകാര്യം ചെയ്തതിന്റെയും, നാഗരിക പ്രവർത്തനത്തിന്റെയും ചരിത്രങ്ങൾ ചേർത്തു പഠിച്ചാലെ അതിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ കഴിയുകയുള്ളൂ. എങ്കിലും, കേവലമായ ബലക്ഷയം ബാധിച്ചപ്പോൾ അപരരെ പൂർണമായും നിരാകരിക്കുന്ന രീതി നമ്മെ പിടികൂടുകയായിരുന്നു എന്ന് സാമാന്യമായി പറയാം.

അന്യർ താങ്കളെ നിരാകരിക്കുമെന്ന് അറിയുന്ന മുറയ്ക്ക് താങ്കൾ ബലക്ഷയനാവും. താങ്കളുടെ വീടിന്റെ അടിത്തറ ഭദ്രമല്ലെന്നും, താങ്കളുടെ കടലാസുകൾ പറന്നുപോകുമെന്നും മനസ്സിലാക്കുന്നതോടെ വീടിനകത്തേക്ക് വായു അടിച്ചുകയറാതിരിക്കാനും, വീടിന്റെ അടിത്തറയും കടലാസുകളും നശിക്കാതിരിക്കാനുമായി താങ്കൾ ജനലുകൾ അടച്ചുകളയുന്നു. സുരക്ഷിതത്വം ഉറപ്പാക്കാനുള്ള ഈ യത്നത്തിൽ പക്ഷെ, ഓക്സിജൻ കടന്നുവരാനുള്ള വഴികൂടിയാണ് അടച്ചുകളയുന്നതെന്ന് താങ്കൾ മറന്നുപോകുന്നു. തദ്ഫലമായി താങ്കൾ മരിച്ചുപോകുന്നു. മൃതവും തണുത്തതുമായ നിർഭയത്വവും സ്ഥിരതയുമാണ് ഫലത്തിൽ താങ്കൾക്ക് ലഭിക്കുക. മറ്റുള്ളവരുടെ നേരെ വാതിലടച്ചു കഴിയുന്ന വ്യക്തിക്കും സമൂഹത്തിനും ഇത് തന്നെയാണ് സംഭവിക്കുക.

നവജാത ശിശുവിനോട് മാതാവിന് സഹജമായ സഹാനുഭൂതിയും വൈകാരികമായ അടുപ്പവുമുണ്ടാവും. ഗർഭാശയത്തിൽ നിന്നു കുഞ്ഞ് പുറത്തുപോന്നെങ്കിലും വൈകാരികമായ ഒരു ഗർഭാശയമൊരുക്കി അവർ അതിനെ പരിരക്ഷിക്കുന്നു. കുഞ്ഞ് വളർന്ന് തന്റേടമെത്തി വിവാഹം കഴിച്ച് വലിയ മനുഷ്യനായി ജീവിതം തുടരുമായിരിക്കും. പക്ഷെ അപ്പോഴും മാതാവ് മകൻ ഗർഭാശയത്തിൽ തന്നെയാണെന്ന മട്ടിലായിരിക്കും പെരുമാറുക. കുഞ്ഞിനെക്കുറിച്ച രോഗാതുരമായ ഭയം രോഗങ്ങളിൽ നിന്നും പ്രതികൂല കാലാവസ്ഥകളിൽ നിന്നും അവനെ തടയാൻ അവരെ നിർബന്ധിക്കുന്നു.

എന്നാൽ, ആന്തരികമായ സുരക്ഷ നൽകി മാതാവ് ആ കുഞ്ഞിനെ വളർത്തുകയും പ്രവർത്തിക്കാനും പരിവർത്തനവിധേയനാവാനും ഉൽപാദനപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമായി ജീവിതത്തിന്റെ നടുത്തളത്തിലേക്ക് അവനെ അവർ വിക്ഷേപിക്കുകയും ചെയ്തിരുന്നുവെങ്കിൽ ആ കുഞ്ഞ് അവരെ സംബന്ധിച്ചേടത്തോളം അഭിമാനമായേനെ. അപരരെക്കുറിച്ച ഭയമാണ് മനുഷ്യരിൽ ബലക്ഷയ ചിന്തവളർത്തുന്നത്.

മുസ്‌ലിംകൾ ഇതര സംസ്കാരങ്ങൾക്കും നാഗരികതകൾക്കും വിജ്ഞാനങ്ങൾക്കും മേൽ വിജയം വരിച്ചത് ഭയം ലേശം പോലും ഏശാതെയാണ്. അവർ അവയെ സ്വാംശീകരിച്ചു, ദഹിപ്പിച്ചു, അതിന്റെ നിർമാണ ഘടകങ്ങളെ അഴിച്ചു പരിശോധിച്ചു. അവയെ ഉചിത രൂപേണ പുനഃസംവിധാനിച്ചു. 'സൽസ്വഭാവങ്ങളെ പൂർത്തിയാക്കാനായാണ് ഞാൻ നിയോഗിതനായത്' (നബിവചനം) ജാഹിലിയ്യത്തിനെ പൂർണമായും നശിപ്പിക്കാതെ, അതിനെ പുനഃക്രമീകരിച്ചു. വെള്ളത്തിനും പുല്ലിനും കൊള്ളയ്ക്കും വേണ്ടി നടത്തിയിരുന്ന യുദ്ധങ്ങളെ ആദർശ സംരക്ഷണമെന്ന മറ്റൊരു ലക്ഷ്യത്തിലേക്ക് തിരിച്ചുവിട്ടു. അറബികളുടെ കച്ചവടപ്രാവീണ്യം തിരിച്ചറിഞ്ഞ നബി(സ) അതിലെ പലിശയും ചതിയും സ്വയം പീഡനവും പരപീഡനങ്ങളും ഒഴിവാക്കി വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു. ഇസ്‌ലാം ഒരിക്കലും ജാഹിലിയ്യത്തിനു നേരെ സമ്പൂർണ നിരാകരണം എന്ന ആശയം സ്വീകരിച്ചിട്ടില്ല. പ്രത്യുത, കൊള്ളക്കൊടുക്കലിന്റെയും പുനഃക്രമീകരണത്തിന്റെയും നയമാണ് സ്വീകരിച്ചത്. ഇസ്‌ലാം ജാഹിലിയ്യത്തിന്റെ എല്ലാ ശക്തികളെയും ലക്ഷ്യബദ്ധവും സൃഷ്ടിപരവുമായ നിലപാടോടെയാണ് സമീ

പിച്ചിട്ടുള്ളത്. ഈ ആശയം ഖുർആൻ സമർപ്പിക്കുന്നുണ്ട്. ഉദാഹരണമായി, ഖുർആൻ അറബി ഭാഷയിലാണ വതീർണമായിരിക്കുന്നതെന്ന് ആറ് സ്ഥലങ്ങളിൽ അത് അവകാശപ്പെട്ടിട്ടുണ്ട്. എങ്കിലും തൊണ്ണൂറ്റി എട്ടായിരത്തോളം അറബി പദങ്ങൾ മാത്രമെ അത് ഉപയോഗിച്ചിട്ടുള്ളൂ. മറ്റു ഭാഷാപദങ്ങൾ ഉപയോഗിക്കാൻ മാത്രം അറബി ഭാഷയിൽ പദങ്ങൾക്ക് പഞ്ഞമില്ല. മറ്റൊരു ഭാഷയെ ആശ്രയിക്കേണ്ട സാഹചര്യവും ഖുർആനിനില്ല. എന്നിട്ടും ഒമ്പത് ഭാഷകളിൽ നിന്നായി ഇരുനൂറോളം പദങ്ങൾ ഖുർആൻ ആശ്രയിച്ചതെന്തുകൊണ്ട്? (ഇതേക്കുറിച്ച് ഗവേഷകർക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ഈ പഠനത്തിന്റെ കേന്ദ്രാശയത്തെ അത് ബാധിക്കില്ല).

ഖുർആന്റെ ഈ ശൈലിയിൽ നാം കാണുന്നത് അപരന്മാർക്ക് നേരെയുള്ള അതിന്റെ തുറന്ന നയമാണെന്ന് മനസ്സിലാക്കാൻ കഴിയും. അതായത്, താങ്കൾ ഒരു അറബിയാണെങ്കിൽ താങ്കളുടെ സ്വത്വവും വ്യക്തിത്വവും പൂർണമാകുന്നത് മറ്റുള്ളവർക്ക് മുമ്പാകെ താങ്കൾ താങ്കളെ തുറന്നുവെക്കുമ്പോഴാണ്.

മുസ്‌ലിംകൾ മഹത്വത്തിൽ നിന്ന് പതിത്വത്തിലേക്ക് പതിക്കാൻ കാരണമെന്താണെന്ന് പ്രമുഖ ചിന്തകൻ റജാ ഗരോഡിയോട് ഞാൻ ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടി, 'തങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടതില്ലെന്ന് മുസ്‌ലിംകൾക്ക് തോന്നിത്തുടങ്ങിയതിനാൽ' എന്നായിരുന്നു. അപരരിലൂടെ ശക്തിനേടുകയും ഭദ്രത കൈവരിക്കുകയും ചെയ്യാത്തവരുടെ തുറസ്സ് അടഞ്ഞുപോവും. ശിഥിലരായി നാമാവശേഷമാവും. ഹിബ്രു, അരാമി, പേർഷ്യൻ, ഗ്രീക്ക്, ലാറ്റിൻ, സുറിയാനി, എത്യോപ്യൻ ഉൾപ്പെടെ ഒമ്പത് ഭാഷകളിലെ ഇരുനൂറോളം പദങ്ങൾ ഖുർആൻ അവലംബിച്ചിരിക്കുന്നു. ഇമാം സുയൂത്വി തന്റെ 'അൽമുഹദ്ദബ് ഫീ മാ വഖഅഫിൽ ഖുർആനിൽ കരീം മിനൽ മുഅർറബ്' എന്ന കൃതിയിൽ അവ ശേഖരിച്ചിട്ടുണ്ട്. ജവാലീഖിയും അവസമാഹരിച്ചിട്ടുണ്ട്. 'അൽ മുഅർറബ് മിനൽ ഖുർആൻ' (ഖുർആനിലെ അറബിവൽക്കരിക്കപ്പെട്ട പദങ്ങൾ) എന്നൊരു വിജ്ഞാനശാഖ തന്നെ ഖുർആനിക വിജ്ഞാനീയത്തിൽ കാണാം. ഇതര ഭാഷകളിലെ ദ്വിതീയ പ്രാധാന്യമുള്ളവയല്ല ഖുർആൻ തെരഞ്ഞെടുത്തിട്ടുള്ള അനറബി ഭാഷാ പദങ്ങൾ. പ്രത്യുത, ഖുർആന്റെ അടിസ്ഥാനാശയങ്ങൾ പ്രകാശിപ്പിക്കാൻ തന്നെ അവ ഉപയോഗിച്ചു എന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്നു. ഇസ്‌ലാമിലെ അതിപ്രധാന ആരാധനകളായ നമസ്കാരത്തെയും സകാത്തിനെയും സൂചിപ്പിക്കാൻ അറബിയിൽ ഉപയോഗിക്കുന്ന صلاة ഉം زكاة ഉം അരാമിക് പദങ്ങളായ صلوة ന്റെയും زكوة ന്റെയും അറബി രൂപങ്ങളാണ്. നരകത്തെ പ്രതിനിധീകരിക്കുന്ന جهنّم ഗ്രീക്കിലെ غهنم ന്റെ അറബി രൂപമാണ്. سراطا എന്ന ലാറ്റിൻ പദത്തിന്റെ അറബി രൂപമാണ് صراط. ഇത്തരം പദങ്ങൾ അറബിയാണെന്നു പറയുന്നത് ഖുർആൻ അറബിയല്ലെന്ന് പറയുന്നതിന് തുല്യമാണെന്ന് ചില പണ്ഡിതന്മാർ വാദിക്കുകവരെയുണ്ടായി. സ്വത്വമെന്നാൽ അന്യരിൽനിന്ന് മുഖംതിരിക്കലും സ്വയം പര്യാപ്തത നടിക്കലുമാണെന്ന് അവർ ധരിച്ചുവശായതുപോലെയുണ്ട്.

സുയൂത്വി, ജവാലീഖി എന്നിവരെ പോലുള്ള പണ്ഡിതന്മാർ ഇത്തരം അടിസ്ഥാനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്വലാത്ത്, സകാത്ത് പോലുള്ള അടിസ്ഥാന പദങ്ങൾ ഉൾക്കൊള്ളാൻ ഖുർആൻ കാണിച്ച തുറന്ന മനസ്സ്, മറ്റുള്ളവരുടെ നേരെ കവാടങ്ങൾ തുറക്കാതെ നമുക്ക് ജീവിക്കാൻ കഴിയില്ല എന്നതിന്റെ മികച്ച തെളിവാണ്. തൗറാത്തിലും ഇഞ്ചീലിലും ജനങ്ങൾ കൈകടത്തിയതുപോലെ ഖുർആനിൽ മുസ്‌ലിങ്ങൾ ഇടപെട്ടിരുന്നുവെങ്കിൽ അധഃപതനകാലത്ത് പ്രസ്തുത ഇരുനൂറ് അനറബി പദങ്ങളും എടുത്തുമാറ്റപ്പെട്ടേനെ. (ബ്രിട്ടനിലെ ചില വനിതാകേന്ദ്രീകൃത പ്രസ്ഥാനങ്ങൾ ആൺ-പെൺ വിവേചനം സൂചിപ്പിക്കുന്നു എന്നതിനാൽ Son of God എന്നത് Child of God എന്ന് തിരുത്തണമെന്ന് വാദിക്കുകയുണ്ടായി). അതേസമയം, ഖുർആനിലെ അനറബി പദസാന്നിധ്യം സംബന്ധിച്ച ചർച്ച വ്യാഖ്യാനപരം മാത്രമായിരുന്നു, ഖുർആന്റെ ടെക്സ്റ്റിനെ ബാധിക്കും വിധമായിരുന്നില്ല.

ചുരുക്കത്തിൽ, അന്യർക്ക് മുമ്പാകെ നാം നമ്മെ തുറന്നുവെക്കുന്നത് പ്രശ്നമല്ല. പരഭയം ഒരു മാനസിക രോഗമാണ്. അതേസമയം, തികച്ചും ശത്രുതാപരമായ നിലപാടുകളുടെ പേരിൽ ആരെയെങ്കിലും മാറ്റിനിർത്തുന്നുവെങ്കിൽ അതിനെ നാം വേറെത്തന്നെയായി കാണണം. (അവസാനിച്ചു).

■